ജലസേചന സംവിധാനങ്ങളുടെ നിറം മെച്ചപ്പെടുത്തുന്നതിനായി AIBP (IRM), 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തിയും DRIP സ്കീമിൽ ഉൾപ്പെടുത്തി ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും നടത്തിവരുന്നു.

(ബി) നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ബഞ്ച് മാർക്കിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) ബഞ്ച് മാർക്കിംഗിനായി 5 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റിയിലെ ഇ.ആർ.പി. സംവിധാനം

127 (6832) ശ്രീ. ആർ. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി. സംവിധാനം നടപ്പാക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നും ഇക്കാര്യം ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ടു പരിശോധിക്കുമോ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുകൊണ്ട് വാട്ടർ അതോറിറ്റിക്കുകൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയറുകൾ കേന്ദ്രീകൃതമാക്കുക എന്നതാണ് ഇ.ആർ.പി.-യുടെ ആവശ്യകത. ഇത് സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതിയുടെ പരിശോധന ഇപ്പോൾ ആവശ്യമാണെന്ന് കരുതുന്നില്ല.

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതുകൊണ്ട് വാട്ടർ അതോറിറ്റിയ്ക്ക് താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിയും :

1. അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ കേന്ദ്രീകൃത സോഫ്റ്റ്വെയറാണ് ഇ.ആർ.പി. വരവ് ചെലവ് കണക്കുകൾ സൂക്ഷ്മമായി പരിശോധിക്കാനും നിയന്ത്രിക്കുവാനും അനാവശ്യ ചെലവുകൾ കുറയ്ക്കുവാനും ഇതുവഴി സാധ്യമാകുന്നതാണ്.

2. ജീവനക്കാരുടെ ആനുകൂല്യങ്ങൾ (പ്രൊമോഷൻ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ലീവ് തുടങ്ങിയവ) കൃത്യമായി നിരീക്ഷിക്കാനും കാലതാമസം കൂടാതെ നടപ്പിലാക്കാനും സാധ്യമാകുന്നതാണ്.

3. എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി നടപ്പിലാക്കാനും അധിക ചെലവുകൾ നിയന്ത്രിക്കാനും ഉതകുന്നതാണ്. അറ്റകുറ്റപ്പണികളും പമ്പുകളുടേയും പൈപ്പുകളുടേയും

LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റുകളുടേയും പ്രിവന്റീവ് മെയിന്റനൻസുകളുടെ മേൽനോട്ടവും മെറ്റീരിയൽ പർച്ചേസും കാര്യക്ഷമമായി നടപ്പാക്കാൻ ഇതുവഴി സാധിക്കുന്നതാണ്.

4. ഇപ്പോൾ നിലവിലുള്ള പേപ്പർ ഫയൽ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ഫയൽവഴി സൂക്ഷിക്കുവാനും വേണ്ട തീരുമാനങ്ങൾ വളരെ പെട്ടെന്ന് തന്നെ എടുക്കുവാനും സാധിക്കുന്നതാണ്.

5. അതോറിറ്റിയുമായി ബന്ധപ്പെട്ട കോടതി കേസ്സുകൾ കൈകാര്യം ചെയ്യുവാനും എല്ലാ ജീവനക്കാർക്കും ഇ മെയിൽ സംവിധാനവും ഇ.ആർ.പി.-യിലൂടെ സാധിക്കുന്നതാണ്.

ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്

128 (6833) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 2012-13, 2013-14 വർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് പ്രോജക്ട് വിഹിതമായി എന്തുതുക ലഭിച്ചു ; അതിൽ സംസ്ഥാനവിഹിതം ഉൾപ്പെടെ എന്തുതുക ചെലവഴിച്ചു ;

(ബി) ഏതെല്ലാം പ്രോജക്ടുകൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചത് ; വിശദാംശം നൽകുമോ :

(സി) എസ്.ടി.എ.എൻ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എത്രയെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിവരുന്നു ; അതിൽ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

ഉത്തരം

(എ) ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട്വഴി (ഇപ്പോൾ NRDWP) ലഭിച്ച തുകയും ചെലവഴിച്ച തുകയും താഴെപ്പറയുന്നു :

ലഭിച്ച തുക (കോടിയിൽ)

വർഷം	കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ
2012-13	245.65	37.73
2013-14	201.93	60.00

ചെലവഴിച്ച തുക (കോടിയിൽ)

വർഷം	കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ	ആകെ
2012-13	186.58	43.35	229.93
20131-4	261.59	37.10	298.69

LIBRARY ARCHIVES Kerala Legislative Assembly